● ലേഖനം

ജി.കെ എടത്തനാട്ടുകര

# മരണാനന്തര ജീവിതത്തിന്റെ യുക്തി

**മരണാനന്തരം** ഒരു ജീവിതമുണ്ടെന്നതാണ് ഒരുപക്ഷേ, ചരിത്രത്തിൽ ഏറ്റവും കൂടുതൽ ചോദ്യം ചെയ്യപ്പെടുകയും സംശയിക്കപ്പെടുകയും ചെയ്ത വിശ്വാസം. ദൈവമുണ്ടെന്നു പറയുന്നവരിൽതന്നെ വലിയൊരു ശതമാനം മരണാനന്തര ജീവിതത്തെ അവിശ്വസിക്കുന്നവരാണ്. എന്നിരിക്കെ, 'ജനിച്ചവന് മരണം നിശ്ചയമാണ്. പക്ഷേ, മരിച്ചവന് ഇനിയും ജീവിതമുണ്ടാകുമെന്ന് കരുതാമോ? അതൊരു ചോദ്യചിഹ്നമായി തന്നെ തുടരുന്നു' (*മാധ്യമം* ആഴ്ചപ്പതിപ്പ്, 2007 ആഗസ്റ്റ് 10) എന്ന് ദൈവവിശ്വാസം പോലുമില്ലാത്ത പാർവതി പവനൻ സംശയിക്കുന്നതിൽ അത്ഭുതമില്ല.

ദൈവവിശ്വാസവും മരണാനന്തര ജീവിതത്തിലുള്ള വിശ്വാസവും പല തരത്തിലുണ്ട്. നാം അധിവസിക്കുന്ന പ്രപഞ്ചത്തെയും അതിലെ ജീവജാലങ്ങളെയും സൃഷ്ടിച്ച് പരിപാലിക്കുന്ന ശക്തിയേതോ അത് മാത്രമാണ് ദൈവം എന്ന വിശ്വാസമുള്ള ഏകദൈവവിശ്വാസികളാണ് ചിലരെങ്കിൽ, അനേക ദൈവങ്ങളെ സങ്കൽപിച്ച് വിശ്വസിക്കുന്ന ബഹുദൈവ വിശ്വാസികളാണ് മറ്റു ചിലർ. ഈ ലോകത്ത് മനുഷ്യൻ ചെയ്ത കർമങ്ങളിലെ നന്മതിന്മകൾ കണക്കാക്കി രക്ഷാ-ശിക്ഷകൾ നൽകുന്ന സ്വർഗ-നരക വിശ്വാസമാണ് ചിലർക്കെങ്കിൽ കർമഫലമെന്നോണം ഈ ഭൂമിയിൽതന്നെ പലതായി പുനർജനിക്കുമെന്ന വിശ്വാസമാണ് വേറെ ചിലർക്ക്. വിശ്വാസങ്ങൾ തന്നെ നിലനിൽക്കുന്നത് ഒന്ന് മറ്റൊന്നിനെ നിഷേധിച്ചുകൊണ്ടാണെന്നർഥം. ഇതിൽ ഏതിനെ തെരയുന്നു എന്നത് ചർച്ചയുടെ മർമമാണ്.

'കാണാമറയത്തെ ദൈവം എന്ന സങ്കൽപമാണ് സൃഷ്ടി കർത്താവ് എന്ന് നാം വിശ്വസിക്കുന്നു. ആധികാരികത ഒട്ടും തന്നെയില്ലാത്ത ഒരു സങ്കൽപം. നാം അധിവസിക്കുന്ന പ്രപഞ്ചത്തിനതീതമായി ഒരു ദൈവിക ശക്തിയുണ്ടെന്ന് തറപ്പിച്ചു പറയാൻ ഒരു ആദിശങ്കരന്നോ രാമകൃഷ്ണ പരമഹംസർക്കോ വിവേകാനന്ദ സ്വാമികൾക്കോ കഴിഞ്ഞിട്ടില്ല...' എന്ന പ്രസ്തുത കുറിപ്പിലെ പരാമർശം, പാർവതി പവനൻ തെരയുന്നത് മനുഷ്യൻ സങ്കൽപിച്ച് സൃഷ്ടിച്ച ദൈവങ്ങളെയല്ല, മനുഷ്യനെ സൃഷ്ടിച്ച ദൈവത്തെയാണ് എന്നാണ്. എങ്കിൽ പറയട്ടെ, സ്രഷ്ടാവിനെ കണ്ടെത്താൻ യുക്തിയെ അതിന്റെ ശരിയായ അർഥത്തിൽ ഉപയോഗിച്ചാൽ മതിയാവും എന്നു തോന്നുന്നു.

മനുഷ്യൻ ഒരുപാട് കണ്ടെത്തലുകൾ നടത്തിയിട്ടുണ്ട്. ഇന്നേവരെ ദൈവത്തെ കണ്ടെത്തിയിട്ടില്ല. പിന്നെങ്ങനെ ദൈവത്തിൽ വിശ്വസിക്കും? ഇത് യുക്തിവാദത്തിന്റെ ഭാഗത്തുനിന്നുള്ള ചോദ്യമാണല്ലോ. ഈ ചോദ്യം യഥാർഥത്തിൽ യുക്തിയിലധിഷ്ഠിതമാണോ? എന്താണ് യഥാർഥത്തിൽ യുക്തി? കണ്ട ഒന്നിനെ അംഗീകരിക്കാനെന്തിനാണു യുക്തി? ഒരു മേശ കണ്ടാൽ അവിടെ ഒരു മേശയുണ്ടെന്നംഗീകരിക്കാൻ യുക്തി വേണോ? സാമാന്യ ബുദ്ധി പോരേ? ഈച്ചക്കും പൂച്ചക്കും കോഴിക്കും കഴുതക്കും അതറിയില്ലേ? അതേസമയം, മേശ കണ്ടാൽ അത് പണിത ആശാരിയെ, കണ്ടില്ലെങ്കിലും മനസ്സിലാക്കാനുള്ള കഴിവല്ലേ യുക്തി?

കണ്ട ഒന്നിൽനിന്ന് കാണാത്ത ഒന്നിനെ അനുമാനിക്കാനുള്ള കഴിവത്രെ യുക്തി. അഥവാ കാര്യത്തിൽനിന്ന് കാരണം കണ്ടെത്താനുള്ള കഴിവ്. പുക കണ്ടാൽ എവിടെയോ തീയുണ്ടായിട്ടുണ്ട് എന്ന് മനസ്സിലാക്കൽ. ശിൽപം കണ്ടാൽ ശിൽപിയെയും മനസ്സിലാക്കാം. ഈ ലളിതമായ യുക്തിയിലൂടെ സൃഷ്ടികളെ നോക്കി അവയുടെ സ്രഷ്ടാവിനെ മനസ്സിലാക്കി വിശ്വസിച്ചുകൂടേ? "If there is a design there must be a designer' എന്ന ആപ്തവാക്യം ആധികാരികത ഒട്ടുംതന്നെയില്ലാത്ത ഒരു സങ്കൽപമാണോ?

മേശക്കുള്ളിൽ ആശാരിയെ തെരയുന്ന യുക്തിവാദത്തിന്റെ അബദ്ധശൈലി മാറ്റി, പ്രപഞ്ചസംവിധാനങ്ങളെ നോക്കി ചിന്തിക്കുന്ന ആർക്കാണ് ആ സംവിധാനങ്ങളുടെ പിന്നിലെ ബുദ്ധിപരമായൊരു ശക്തിസാന്നിധ്യത്തെ നിഷേധിക്കാനാവുക? ഈ യുക്തിയുടെ അടിസ്ഥാനത്തിലാണ് ഐസക് ന്യൂട്ടനും ആൽബർട്ട് ഐൻസ്റ്റീനുമൊക്കെ ദൈവവിശ്വാസികളായത്.

ബെഗോവിച്ച് അദ്ദേഹത്തിന്റെ 'നവോത്ഥാന ചിന്തകൾ' എന്ന കൃതിയിൽ ഇങ്ങനെ കുറിച്ചിട്ടിരിക്കുന്നു: "മതത്തിന്റെ ഭാഷയിൽ സംശയം ജനിപ്പിക്കുന്ന 'പുരോഗമനവാദികളോട്' ഒരു വാക്ക്: ആൽബർട്ട് ഐൻസ്റ്റീൻ ദൈവത്തിൽ വിശ്വസിച്ചിരുന്നു. ഊർജതന്ത്രത്തിലും ഗോളശാസ്ത്രത്തിലുമുള്ള ഗവേഷണഫലങ്ങളുമായി ദൈവവിശ്വാസം ഏറ്റുമുട്ടുന്നതായി അദ്ദേഹത്തിനൊരിക്കലും തോന്നിയില്ല. അദ്ദേഹം പറഞ്ഞു: ഏതു മതത്തിന്റെയും അടിസ്ഥാനം ജ്ഞാനം മാത്രമല്ല, ചില കാര്യങ്ങൾ ദൃഷ്ടിക്ക് അപ്രാപ്യമാണെങ്കിലും അവയുണ്ടെന്ന വിശ്വാസം കൂടിയാണ്. ഉണ്ടെന്നു മാത്രമല്ല, അവ ഏറെ കണിശതയോടും സൗന്ദര്യത്തോടും കൂടി പരിപാലിക്കപ്പെടുന്നുവെന്നും നമ്മുടെ ദുർബല ഇന്ദ്രിയങ്ങൾക്ക് അവയുടെ

ഏറ്റവും ലളിതമായ രൂപമല്ലാതെ കാണാൻ കഴിയില്ലെന്നും കൂടി വിശ്വസിക്കണം. അതുകൊണ്ടുതന്നെ ഞാൻ തികഞ്ഞ മതവിശ്വാസിയാണ്. ശാശ്വത ജീവിതരഹസ്യത്തെയും ഈ പ്രപഞ്ചമെന്ന അസാധാരണ സംവിധാനത്തിനു പിന്നിലുള്ള മഹാശക്തിയെയും അംഗീകരിക്കാൻ എന്റെ മനസ്സ് പാകമാണ്. പ്രകൃതിയിൽ തെളിഞ്ഞുകാണുന്ന ആ ശക്തിയുടെ സാന്നിധ്യത്തെ പറ്റി ചെറിയ തോതിലെങ്കിലും മനസ്സിലാക്കാൻ ഞാൻ ശ്രമിക്കുന്നു, വളരെ വിനീതനായി" (പേജ്: 23,24). ദൈവവിശ്വാസവും മരണാനന്തര ജീവിതത്തിലുള്ള വിശ്വാസവും അഭേദ്യമായ ബന്ധമുള്ളതിനാലാണിത്രയും കുറിച്ചത്.

കാര്യത്തിൽനിന്ന് കാരണം കണ്ടെത്താനുള്ള കഴിവുപയോഗപ്പെടുത്തിക്കൊണ്ട് സൃഷ്ടികളിലൂടെ സ്രഷ്ടാവിനെ മനസ്സിലാക്കാവുന്നതുപോലെ ലക്ഷണങ്ങളിൽനിന്ന് ഫലം കണ്ടെത്താനുള്ള കഴിവുപയോഗപ്പെടുത്തി ജീവിത വിശകലനത്തിലൂടെ മരണാനന്തര ജീവിതസാധ്യതയെയും മനസ്സിലാക്കാം.

ജീവിതം മനുഷ്യനു മാത്രമല്ല മറ്റു ജീവജാലങ്ങൾക്കുമുണ്ട്. മനുഷ്യജീവിതവും മറ്റു ജീവികളുടെ ജീവിതവും തമ്മിൽ നിരവധി അന്തരങ്ങളുണ്ട്. ശക്തനായ പോത്ത് ദുർബലനായ പോത്തിനെ കുത്തി മലർത്തി കൊന്നാൽ കുത്തിയ പോത്തിനെ 'കൊലയാളി'യായി മുദ്രകുത്തി ആരും വധശിക്ഷ നൽകാറില്ല. അതൊരനീതിയാണെന്നാരും പറയുകയുമില്ല. അതേസമയം ഒരു മനുഷ്യൻ അന്യായമായി മറ്റൊരു മനുഷ്യനെ കൊന്നാൽ, കൊന്നവൻ കൊലയാളിയും ശിക്ഷാർഹനുമാണ്. കൊലയാളിക്ക് ശിക്ഷ നൽകിയില്ലെങ്കിൽ അത് അനീതിയുമാണ്.

'കൊലയാളി'യായ ഒരു പോത്ത് ശിക്ഷ ലഭിക്കാതെ മണ്ണിനു വളമാകുന്നത് സഹ്യമാണ്. എന്നാൽ, കൊലയാളിയായ ഒരു മനുഷ്യൻ, ശിക്ഷ ലഭിക്കാതെ മരിച്ച് മണ്ണിനു വളമായാൽ അത് അസഹ്യവുമാണ്. ഈ അസഹ്യതയുടെ കാരണം മനുഷ്യനിലെ നീതിബോധമാണ്. ഈ നീതിബോധമുള്ളതിനാൽ മനുഷ്യന് ഈ ഭൂമിയിൽ ധർമാധർമബോധത്തോടെ കർമങ്ങൾ ചെയ്യാൻ കഴിയുന്നു. പക്ഷിമൃഗാദികളിൽനിന്ന് മനുഷ്യനെ വേർതിരിക്കുന്ന മുഖ്യ സവിശേഷതകളിലൊന്നാണിത്. അതുകൊണ്ടുതന്നെ മനുഷ്യന്റെ കർമങ്ങൾക്ക് ഭൗതികതലം മാത്രമല്ല ധാർമികതലം കൂടിയുണ്ട്.

ഈ ധാർമികതലം മനുഷ്യന്റെ ആത്മാവുമായി ബന്ധപ്പെട്ടാണത്രെ കിടക്കുന്നത്. മനുഷ്യന് ശരീരവും ജീവനും മാത്രമല്ല, ആത്മാവു കൂടിയുണ്ട്. ജീവനും ആത്മാവും ഒന്നല്ല. മരിച്ചു എന്ന് വിധിയെഴുതിയ മനുഷ്യന്റെ ശരീരകോശങ്ങളിൽ മണിക്കൂറുകളോളം പിന്നെയും ജീവൻ നിലനിൽക്കും. അവയവദാനം സാധ്യമാകുന്നതു അതുകൊണ്ടാണല്ലോ.

ആത്മാവ് ഉണ്ടെന്നും ഇല്ലെന്നും വിശ്വസിക്കുന്നവർ എന്നുമുണ്ടായിട്ടുണ്ട്. ആത്മാവിനെ ചൂണ്ടിക്കാണിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ലെന്നത് സത്യമാണ്. അതുകൊണ്ട് മാത്രം ആത്മാവിന്റെ അസ്തിത്വത്തെ നിഷേധിക്കാമോ? എങ്കിൽ പല ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തേണ്ടിവരും.

പവനൻ മരിച്ചപ്പോൾ പാർവതി പവനൻ കണ്ണീരൊഴുക്കി കരഞ്ഞില്ലേ? ഭൗതിക വീക്ഷണത്തിലൂടെ നോക്കിയാൽ ആ കണ്ണുനീർ വരാനുള്ള കാരണമെന്തായിരിക്കും? ശരീരത്തിലെ ഏതോ ഗ്രന്ഥികളുടെ പ്രവർത്തനം അല്ലങ്കിൽ ചില രാസപ്രവർത്തനങ്ങൾ. മനുഷ്യനെ ഭൗതികമായി മാത്രം അംഗീകരിച്ചുകൊണ്ട് പ്രസ്തുത കണ്ണീരിന്റെ കാരണം തെളിയിച്ചു കാണിക്കാനാവുമോ? കണ്ണീരിനെ വേണമെങ്കിൽ അളന്നെടുക്കാം, അതിലടങ്ങിയ ഘടകങ്ങളെ വേർതിരിക്കാം. പക്ഷേ, ആ കണ്ണീരിനു കാരണമായ വികാരവിചാരങ്ങളെ ചൂണ്ടിക്കാണിക്കാനോ അളന്നെടുക്കാനോ ആവില്ല. അതിനർഥം വികാരവിചാരങ്ങൾ ഇല്ല എന്നല്ലല്ലോ?

പവനന്റെ വേർപാടിൽ വിങ്ങിക്കരഞ്ഞ പാർവതി പവനന്റെ കണ്ണുകളിലൂടെ കണ്ണുനീരുവന്നത് ശരീരത്തിലെ ഏതെങ്കിലും ഗ്രന്ഥിയുടെ പ്രവർത്തനത്തിലൂടെ അല്ലെങ്കിൽ ഏതോ രാസപ്രവർത്തനത്തിലൂടെ എന്നു പറഞ്ഞാൽ, ആ കരച്ചിൽ ആത്മാർഥമായിരുന്നു എന്നു പറയാമോ? ആത്മാർഥമായിരുന്നുവെങ്കിൽ ആത്മാർഥതയുടെ ഉറവിടമെവിടെയാണ്? അതേതെങ്കിലും ഗ്രന്ഥിയിലാണെന്നു പറയാമോ? അല്ലെങ്കിൽ രാസ പ്രവർത്തനത്തിലൂടെയുണ്ടാവുന്നതാണെന്നു പറയാമോ? ഈ ആത്മാർഥതയുടെ ഉറവിടമാണ് ആത്മാവെന്ന് പറയുന്നത്. മനുഷ്യൻ മരിക്കുമ്പോൾ വേർപെടുന്നത് ഈ ആത്മാവത്രെ. 'മരിച്ചാൽ മണ്ണിനു വളമാകുന്നു എന്ന് യുക്തിചിന്തയുള്ളവർ' പറഞ്ഞത് മനുഷ്യനെ വെറും ശരീരമായി കണ്ടതുകൊണ്ടാണ്. കാട് കാണാൻ പോയവർ കാട്ടിൽ ചെന്നപ്പോൾ മരങ്ങൾ മാത്രം കണ്ട് കാട് കാണാതെ തിരിച്ചുവന്നു എന്നു പറഞ്ഞതുപോലെ, ഭൗതിക വീക്ഷണത്തിലൂടെ മാത്രം മനുഷ്യൻ മനുഷ്യനെ പഠിച്ചപ്പോൾ കുറേ അസ്ഥികളുടെയും മാംസപേശികളുടെയും നാഡീഞരമ്പുകളുടെയും ഒരു സങ്കേതം മാത്രമാണ് മനുഷ്യനെന്ന് തെറ്റിദ്ധരിച്ചു. മനുഷ്യനെക്കുറിച്ചുള്ള ഈ അപൂർണ വീക്ഷണത്തിൽനിന്നുകൊണ്ട് ജീവിതത്തിന്റെ അർഥം കണ്ടെത്താനോ, ഒരു പരിപൂർണ ജീവിതവീക്ഷണം കെട്ടിപ്പടുക്കാനോ കഴിയില്ല. അതുകൊണ്ടാണ് ബുദ്ധിരാക്ഷസനും യുക്തിവാദിയുമായ ബർട്രന്റ് റസ്സൽ അവസാന നാളുകളിൽ 'എന്റെ ജീവിതം ഇന്നും അപൂർണമാണ്. കാരണം, മതത്തിന്റെ അടിസ്ഥാനം എനിക്ക് നഷ്ടപ്പെട്ടിരിക്കുന്നു' എന്ന് വിലപിച്ചത്. പാർവതി പവനന്റെ ലേഖനത്തിൽ മുഴച്ചുനിൽക്കുന്നത് ഈ വിലാപമാണ്.

'മരിച്ചവന് ഇനിയും ജീവിതമുണ്ടാകുമെന്ന് കരുതാമോ?' എന്ന പാർവതി പവനന്റെ ചോദ്യത്തിന് ദൈവത്തെയും ആത്മാവിനെയും അംഗീകരിക്കുന്ന ഒരു തലത്തിൽനിന്നേ ഉത്തരം കണ്ടെത്താനാവൂ എന്നതുകൊണ്ടാണിത്രയും കുറിച്ചത്.

മരിച്ചവന് ഇനിയും ജീവിതമുണ്ടാകുമെന്ന് എന്തുകൊണ്ട് കരുതിക്കൂടാ? ഗർഭാശയ ലോകത്ത് വളരുന്ന ഒരു കുഞ്ഞിന് പുറംലോകം അജ്ഞാതമാണ്. പക്ഷേ, ജീവിതത്തിന്റെ ഒന്നാം ഘട്ടമാകുന്ന ഗർഭാശയലോക ജീവിതം ഒരു രണ്ടാംഘട്ട ജീവിതത്തിന്റെ സാധ്യതകളെ വിളിച്ചുപറയുന്നതായി കാണാം. വെളിച്ചം കടക്കാത്ത ഗർഭാശയമാകുന്ന ലോകത്തു വെച്ച് കുഞ്ഞിന് കണ്ണുകളുണ്ടാവുന്നത് കാണാൻ വേണ്ടിയാണല്ലോ. ഗർഭാശയത്തിൽ വെച്ച് പക്ഷേ, കാണാൻ കഴിയില്ല. അതിനർഥം കണ്ണുകൾ സൃഷ്ടിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം പൂർത്തിയാവണമെങ്കിൽ മറ്റൊരു ലോകത്ത് വരണമെന്നാണ്. കുഞ്ഞിന് കാലുകളുണ്ടാവുന്നത് നടക്കാൻ എന്ന ഉദ്ദേശ്യത്തോടെയാണ്. ഗർഭാശയത്തിലൂടെ, പക്ഷേ നടക്കാനാവില്ല. അതുകൊണ്ടുതന്നെ കാലുകൾ സൃഷ്ടിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം പൂർത്തിയാവണമെങ്കിൽ, നടക്കാൻ പറ്റുന്ന മറ്റൊരു ലോകത്ത് വരണം. ഇങ്ങനെ ഗർഭാശയത്തിൽ വെച്ചുണ്ടാകുന്ന ഓരോ അവയവവും ഒരു പുതിയ ലോകത്തെ തേടുന്നതായി കാണാം. അഥവാ നമ്മുടെ ഒന്നാം ഘട്ട ജീവിതത്തിൽ തന്നെ രണ്ടാംഘട്ട ജീവിതത്തിനുള്ള ന്യായങ്ങളും തെളിവുകളുമുണ്ട്.

ഈ രണ്ടാം ഘട്ട ജീവിതത്തിനു ശേഷം ഒരു മൂന്നാംഘട്ടത്തെ മനുഷ്യൻ യഥാർഥത്തിൽ തന്നെ തേടുന്നില്ലേ? പാർവതി പവനന്റെ തന്നെ മറ്റൊരു കുറിപ്പിൽ വന്ന ചില വരികൾ പ്രസ്തുത തേട്ടത്തിന്നടിവരയിടുന്നുണ്ട്: 'എല്ലാം ഞാൻ വേദനയോടെ മനസ്സിലിട്ടുനടക്കുന്നു. ആശ്വസിപ്പിക്കാൻ ആരും അടുത്തില്ലാതെ എന്റെ അനാഥത്വം ഞാൻ മനസ്സിലാക്കി. ഇപ്പോഴും പവനന്റെ സാമീപ്യം ഞാൻ ആഗ്രഹിക്കുന്നു. എല്ലാം മിഥ്യയാണെന്നറിയാം. മരണശേഷം ഒന്നും അവശേഷിക്കുന്നില്ലെന്നും അറിയാം. പക്ഷേ, ഇ

പ്പോഴും ഞാൻ പലതും ആഗ്രഹിച്ചു പോകുന്നു" (*ഭാഷാപോഷിണി*, ജൂലൈ 2007).

മനുഷ്യമനസ്സിന്റെ ഈ ആഗ്രഹ പൂർത്തീകരണത്തിനുതകുന്ന ഒരു മൂന്നാം ഘട്ട ജീവിതത്തിന്റെ സാധ്യതയെ തള്ളിക്കളയാനാവുമോ? ഗർഭസ്ഥശിശുവിന് പുറംലോകം അജ്ഞാതമാണ്. നമുക്ക് മറ്റൊരു ജീവിതം അജ്ഞാതമാണെന്നതുപോലെ. അറിയില്ല എന്നതിനർഥം ഇല്ല എന്നല്ലല്ലോ? ഗർഭാശയലോകത്തുനിന്ന് പിറന്നുവീണ കുഞ്ഞ് വെപ്രാളം പൂണ്ട്, പൊട്ടിക്കരഞ്ഞ്, കർമം ചെയ്യാവുന്ന പുതിയൊരു ഘട്ടത്തിലേക്ക് വന്നുപെടുന്നതുപോലെ, ഈ ജീവിതത്തിലെ കർമങ്ങൾ അവസാനിപ്പിച്ച് മരണം പൂകുന്ന മനുഷ്യൻ. കർമഫലങ്ങൾ അനുഭവിക്കുന്ന മറ്റൊരു ഘട്ടത്തിലേക്ക് ചെന്നുപെട്ടുകൂടെന്നുണ്ടോ?

മനുഷ്യനിൽ നീതിബോധം അഥവാ ധർമബോധം എന്നൊന്നുണ്ടല്ലോ. അതുകൊണ്ടുതന്നെ മനുഷ്യന്റെ കർമങ്ങൾക്ക് ഭൗതികഫലം മാത്രമല്ല ധാർമികഫലം കൂടിയുണ്ട്. മനുഷ്യനിൽ നിലനിൽക്കുന്ന നീതിബോധത്തിന് കൃത്യമായ ചില തേട്ടങ്ങളുണ്ട്. അതനുസരിച്ച് ഒരു സൽക്കർമിക്ക് അതിന്റെ ഫലം എന്ന നിലക്ക് ലഭിക്കേണ്ടത് ശിക്ഷയല്ല, രക്ഷയാണ്. ഒരു ദുഷ്കർമിക്ക് ലഭിക്കേണ്ടത് രക്ഷയല്ല, ശിക്ഷയാണ്. നിരപരാധിക്ക് ലഭിക്കേണ്ടത് അനീതിയല്ല, നീതിയാണ്. ഇത്തരം തേട്ടങ്ങളുടെ സാക്ഷാൽക്കരണത്തിനു വേണ്ടിയാണല്ലോ കോടതിയും വിചാരണയും ശിക്ഷാ സംവിധാനങ്ങളുമൊക്കെ ഒരുക്കിയിരിക്കുന്നത്. പക്ഷേ, ഈ ലോകത്തിന്റെ അവസ്ഥയെന്താണ്?

നീതിബോധത്തിന്റെ തേട്ടങ്ങളെ പൂർത്തിയാക്കാൻ മനുഷ്യനിർമിതമായ ഏത് സംവിധാനങ്ങൾക്കാണാവുക? ഒരാളെ കൊന്ന കുറ്റവാളിക്ക് നൽകാവുന്ന ശിക്ഷയും ആയിരങ്ങളെ കൊന്ന കൊടും കുറ്റവാളിക്ക് നൽകാവുന്ന ശിക്ഷയും ഒരേ വധശിക്ഷയാണ്. മാത്രമല്ല, കുറ്റവാളിക്ക് ശിക്ഷ നൽകി എന്നതുകൊണ്ടുമാത്രം മരണപ്പെട്ട നിരപരാധികൾക്ക് നീതി ലഭിക്കുമോ?

അതുപോലെ, മഹത്കർമങ്ങൾക്ക് പ്രതിഫലം ലഭിക്കുക എന്നതും നീതിബോധത്തിന്റെ താൽപര്യമാണ്. 'മരണാനന്തര ബഹുമതി' എന്ന സമ്പ്രദായം നാം ആവിഷ്കരിച്ചത് ഈ താൽപര്യത്തിന്റെ അടിസ്ഥാനത്തിലാണല്ലോ? പക്ഷേ, മരിച്ച് മണ്ണിനു വളമായ ഒരു മനുഷ്യന്, ജീവിച്ചിരിക്കുന്ന നാം ബഹുമതി നൽകിയാൽ അത് ആ മനുഷ്യന് ലഭിക്കുമോ? ഒരിക്കലുമില്ല. ജീവിതകഥയിലെ ഈ അപൂർണത നികത്തപ്പെടേണ്ടതില്ലേ?

വിലമതിക്കപ്പെടേണ്ടതും പ്രതിഫലാർഹവുമായ പല സൽക്കർമങ്ങളും ഭൗതികലോകത്ത് പരാജയപ്പെടാറുണ്ട്. ഉദാഹരണത്തിന്; കത്തിക്കൊണ്ടിരിക്കുന്ന ഒരു വീടനകത്ത് കുടുങ്ങിയവരെ രക്ഷപ്പെടുത്താനായി ഒരാൾ ശ്രമിക്കുന്നു. അതിനിടയിൽ അദ്ദേഹവും അതിൽപെട്ട് മരിക്കുന്നു. ഭൗതികാർഥത്തിൽ അത് പരാജയപ്പെട്ട കർമമാണ്. അതുകൊണ്ടുതന്നെ അതൊരു പാഴ്വേലയായി. അതേസമയം, ധാർമികതലത്തിൽനിന്ന് വിലയിരുത്തുമ്പോൾ അതൊരു പാഴ്വേലയായി എന്നു പറയാമോ? മനസ്സാക്ഷി അത് സമ്മതിക്കുകയില്ല. അതുകൊണ്ടാണ്, 'പരാജയപ്പെടുന്ന മഹത്കർമങ്ങൾ പാഴ്വേലകളാണോ?' എന്ന് ബെഗോവിച്ച് ചോദിച്ചത്.

ജീവിതകഥ ഇവിടെ അപൂർണമാണ്. അതിനൊരു പൂർണത ഉണ്ടാവേണ്ടതില്ലേ? ഉണ്ടാവുന്നതല്ലേ ഉണ്ടാവാതിരിക്കുന്നതിനേക്കാൾ നല്ലത്? 'അതെ' എന്നാണുത്തരമെങ്കിൽ ആ നീതിബോധത്തിന്റെ ഉറവിടമെവിടെ എന്ന അന്വേഷണം പ്രസക്തമാകുന്നു.

സകല വേദങ്ങളും അങ്ങനെ നീതി പുലരുന്ന ഒരു ലോകത്തെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ:

"എല്ലാ ആഗ്രഹങ്ങളും പൂർണമാക്കുന്ന അല്ലയോ ഭഗവാനേ, അങ്ങിൽനിന്നും ഏറ്റവും വലിയ ദാനം ലഭിക്കാൻ അങ്ങയെ ഞങ്ങൾ സന്തോഷിപ്പിക്കുന്നു. ജ്ഞാനത്തിനായും ഭൂമിയിൽ ശാന്തിയുണ്ടാക്കാനായും പരലോകത്ത് ശാന്തിയുണ്ടാക്കാനായും ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു" (സാമവേദം-ആഗ്നേയകാണ്ഡം: 93).

"പരിശുദ്ധാത്മാവിനെതിരെ സംസാരിക്കുന്ന ഒരുവനോടും ഈ ലോകത്തിലെ വരാനിരിക്കുന്ന ലോകത്തിലോ ക്ഷമിക്കപ്പെടുകയില്ല" (ബൈബിൾ, മത്തായി സുവിശേഷം 12:32).

"പുരുഷനാവട്ടെ, സ്ത്രീയാവട്ടെ ഏതൊരാൾ സത്യവിശ്വാസിയായിക്കൊണ്ട് സൽക്കർമം പ്രവർത്തിക്കുന്നുവോ, (പരലോകത്തിൽ) അവരുടെ പ്രതിഫലം അവരുടെ ഏറ്റവും ശ്രേഷ്ഠമായ കർമങ്ങളുടെ അടിസ്ഥാനത്തിൽ നൽകുകയും ചെയ്യും" (ഖുർആൻ 16:97). ■